**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 374** 06.02.2013-ൽ മറുപടിയ്ക്ക്

# ഊർജ്ജപ്രതിസന്ധി

ചോദ്യം

ശ്രീ. പി. കെ. ബഷീർ :

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിലുള്ള ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2012 ഒക്ടോബർ മുതൽ 2013 മെയ് വരെയുള്ള കാലയളവിലേക്ക് 650 MW വൈദ്യുതി, വ്യാപാരികൾ മുഖേന വാങ്ങുന്നതിന് കരാർ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രാജ്യത്തിന്റെ മറ്റു മേഖലകളിൽ നിന്നും ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി കൊണ്ട് വരുന്നതിന് പ്രസരണ ശൃംഖലയിലുള്ള പരിമിതികൾ കാരണം കരാറിൽ ഏർപ്പെടുന്ന അളവിന്റെ 15% വൈദ്യുതി മാത്രമേ കൊണ്ടു വരുന്നതിന് സാധിക്കുകയുള്ളൂ. കൂടാതെ 140 MW വൈദ്യുതി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യാപാരികളിൽ നിന്നും വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പവർ എക്സ്ചേഞ്ച് മുഖേനയും, ബോർഡിന്റെ ദ്രവ ഇന്ധന നിലയങ്ങളായ BDPP, KDPP, NTPC- യുടെ കായംകുളം നിലയം എന്നിവിടങ്ങളിൽ നിന്നും കൂടിയ വിലക്ക് വൈദ്യുതി വാങ്ങി ഉപയോഗിച്ചും വരുന്നു. ഇതു കൂടാതെ സംസ്ഥാനത്ത് നിലനിൽക്കുന്ന വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് സെപ്റ്റംബർ 27-ാം തീയതി മുതൽ രാവിലെ 6 മണി മുതൽ 9 മണി വരെയും വൈകുന്നേരം 6.30 മുതൽ 10.30 മണി വരെയും അരമണിക്കൂർ വീതം സൈക്ളിംക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 15-12-2012 മുതൽ ലോഡ്ഷെഡ്ഡിംഗ് ഇല്ലാത്ത HT/EHT ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം അവരുടെ മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 75% ആയി നിജപ്പെടുത്തണമെന്നും, ലോഡ്ഷെഡ്ഡിംഗ് ഉള്ള HT ഉപഭോക്താക്കൾ LT II, LT IV, LT IV (A), (B) & (C), LT VII (A), (B) & (C) തുടങ്ങിയ LT ഉപഭോക്താക്കളും അവരുടെ ശരാശരി

ഉപഭോഗം മുൻവർഷത്തിൻെറ 80% ആയി നിജപ്പെടുത്തണമെന്നും ഗാർഹിക ഉപഭോക്താക്കൾ അവരുടെ രണ്ടുമാസത്തെ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തണമെന്നും റഗുലേറ്ററി കമ്മീഷൻ ഉത്തരവായിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണത്തിന് മുകളിലായി കൂടുതൽ ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും, വൈദ്യുതിയുടെ നിലവിലുള്ള താരിഫിനു പുറമെ എനർജി ചാർജ്ജ് കൂടി പെനാലിറ്റി ആയി ഈടാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ 2013-14 വർഷത്തേക്ക് ഊർജ്ജ ആവശ്യകത കണക്കിലെടുത്ത്, 2013 ജൂൺ മുതൽ 2014 മെയ് വരെയുള്ള കാലയളവിലേക്ക് 300 MW വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ 2013 നവംബർ മാസം മുതൽ 2014 ഒക്ടോബർ മാസം വരെയുള്ള കാലയളവിലേക്ക് വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യകത കണക്കിലെടുത്ത് 600 MW വൈദ്യുതി കൊണ്ടുവരുന്നതിന് വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ രാജ്യത്തിൻെറ മറ്റ് ശൃംഖലകളിൽ നിന്നും ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി കൊണ്ടു വരുന്നതിനുള്ള പരിമിതികൾ കാരണം കരാറിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിയും കൊണ്ടു വരുന്നതിന് സാധിക്കണമെന്നില്ല. ഇതുകൂടാതെ 2014 മാർച്ച് മുതൽ 300 MW വൈദ്യുതി മുഴുവൻ സമയത്തേക്കും, 100 MW വൈദ്യുതി പീക്ക് സമയത്തേക്കും 'case one bidding' വഴി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പരീക്ഷാക്കാലത്ത് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | (ബി) | മാർച്ചിലെ എസ്. എസ്. എൽ. സി പരീക്ഷാ കാലത്ത് സംസ്ഥാന റഗുലേറ്ററി കമ്മീഷൻെറ അനുവാദത്തോടെ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | നിയന്ത്രണ നടപടികൾ കൊണ്ട് എത്രത്തോളംവൈദ്യുതി ഉപയോഗം കുറയ്ക്കാനായിട്ടുണ്ട്? | (സി) | സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് നടപ്പാക്കിയതു വഴി പ്രതിദിനം വൈദ്യുതി ഉപയോഗത്തിൽ ഏകദേശം 1.8 ദശലക്ഷം യൂണിറ്റ് കുറവുണ്ട്. 2012 ഡിസംബർ 15 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള വൈദ്യുതി നിയന്ത്രണങ്ങൾ മൂലം വൈദ്യുതിയുടെ ഉപയോഗം കാര്യമായി കുറഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**